**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 235 10.12.2012 -ൽ മറുപടിയ്ക്ക്**

**<u>ടി. പി. ചന്ദ്രശേഖരൻ വധം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട ചർച്ച ചെയ്യുന്നതിന് 2012 സെപ്റ്റംബർ 24-ന് രാവിലെ ആഭ്യന്തര വകുപ്പ് മന്ത്രി ചന്ദ്രശേഖരന്റെ വീട്ടിൽ പോയിരുന്നുവോ ; | (എ) മരണവീട് സന്ദർശനത്തിന്റെ ഭാഗമായി 2012 സെപ്റ്റംബർ 24-ന് ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി ടി. പി. ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി. |
| ബി) ആഭ്യന്തര വകുപ്പ് മന്ത്രി ചന്ദ്രശേഖരന്റെ വീട്ടിൽവെച്ച് ആരെല്ലാമായി എന്തെല്ലാം ചർച്ച നടത്തുകയുണ്ടായി ; അന്വേഷണ സംഘത്തിലെ ആരെല്ലാം മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു ;<br><br>സി) ചന്ദ്രശേഖരന്റെ ഭാര്യയും ആർ. എം. പി. നേതാവും ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി ; മന്ത്രി എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി ; | (ബി) ആന്റ് (സി)<br><br>മരണവീട് സന്ദർശന വേളയിൽ പ്രത്യേക ചർച്ചകളൊന്നും നടത്തുകയോ ആവശ്യങ്ങൾ ഉന്നയിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. അന്വേഷണ സംഘത്തിലെ ആരുംതന്നെ മന്ത്രിയോടൊപ്പം ഉണ്ടായിരുന്നില്ല. |
| ഡി) ചന്ദ്രശേഖരന്റെ കുടുംബവുമായി ചർച്ച ചെയ്യുന്നതിന് മന്ത്രിയെ ചുമതലപ്പെടുത്തിയത് അന്വേഷണ സംഘത്തിന്റെ ആവശ്യത്തെ തുടർന്നാണോ എന്ന് വ്യക്തമാക്കുമോ ;<br><br>ഇ) കൊലചെയ്യപ്പെട്ടയാളിന്റെ ഭാര്യയുമായി നടത്തിയ ചർച്ചയെത്തുടർന്ന് വകുപ്പ് മന്ത്രി വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഡി) ആന്റ് (ഇ)<br><br>ബാധകമല്ല. |
| എഫ്) മന്ത്രി സംഭവത്തെത്തുടർന്ന് എത്ര തവണ ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി ? | എഫ്) മൂന്ന് തവണ. |

സെക്ഷൻ ഓഫീസർ